**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 622** **23-02-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ സ്വകാര്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യെ സ്വകാര്യവത്കരിക്കാൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | കേന്ദ്രവൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Biding Documents for Privatisation of Distribution Licensees എന്നിവ എല്ലാം വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്നവയാണ് എന്ന് വിലയിരുത്തപ്പെടുന്നു. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി ഉയർത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങളിലും സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ഏത് തരത്തിലുള്ള സ്വകാര്യവത്കരണത്തിനാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരിൽ നിന്നോ, സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിന്നോ യാതൊരു ലൈസൻസോ, അനുമതിയോ വാങ്ങാതെ ഏതു കമ്പനിക്കും എവിടെയും ഉപഭോക്താവിനെ കണ്ടെത്തി പൊതുമേഖല നിർമ്മിച്ച നിലവിലുള്ള വൈദ്യുതി ശൃംഖല ഉപയോഗിച്ച് മുതൽ മുടക്കില്ലാതെ തന്നെ വൈദ്യുതി വിതരണം നടത്താൻ കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ പ്രകാരം സാധിക്കും; നിലവിലെ വിതരണ ശൃംഖലയുടെ വികസനത്തിനും പരിപാലനത്തിനും മുതൽ മുടക്കേണ്ട ബാധ്യതയും സ്വകാര്യ കമ്പനികൾക്ക് ഇല്ല. ഉപഭോക്താക്കൾക്ക് സേവനദാതാക്കളെ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു എന്ന പറയുമ്പോൾ പ്രായോഗിക തലത്തിൽ സേവനദാതാക്കൾക്ക് ലാഭകരമായ പ്രദേശത്തും ഉപഭോക്തൃവിഭാഗങ്ങൾക്കും മാത്രമായി ആകർഷകമായ സ്കീമുകൾ കൊണ്ടുവരാൻ സ്വകാര്യ മേഖലയ്ക്ക് സാധിക്കും. സംസ്ഥാനത്ത് ഊർജ്ജസുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പൊതുമേഖലാ വൈദ്യുത വിതരണ കമ്പനികൾ |

| | | | |
|---|---|---|---|
| | | | അന്ന് നിലവിലുണ്ടായിരുന്ന നിരക്കുകളിൽ വൈദ്യുത വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിരുന്നു. പുതുതായി വരുന്ന വിതരണ കമ്പനികൾക്ക്, നിലവിലുള്ളതിൽ തങ്ങൾക്ക് ആകർഷകമല്ലാത്ത വൈദ്യുത വാങ്ങൽ കരാറുകളിൽ നിന്നു വിട്ടു നിൽക്കാൻ സാധിക്കും. ഇത്തരത്തിലുള്ള അധികബാധ്യതകളും, ലാഭസാധ്യത തീരെ ഇല്ലാത്ത ഉപഭോക്താക്കൾക്ക് സേവനം ഉറപ്പാക്കേണ്ട ചുമതലയും നിലവിലെ പൊതുമേഖലാ വിതരണ കമ്പനിയിൽ നിക്ഷിപ്തമാകുന്നു. |
| (സി) | സ്വകാര്യവത്കരണ നിർദ്ദേശങ്ങൾ നിരാകരിക്കുന്നതിനാൽ സംസ്ഥാന വൈദ്യുതി രംഗം അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Biding Documents for Privatisation of Distribution Licensees എന്നിവ ഇതുവരെയും സംസ്ഥാനങ്ങളുടെ മേൽ നിയമബാധ്യത ആയിട്ടില്ല എങ്കിലും കേന്ദ്രസർക്കാർ പുതുതായി വികസന പദ്ധതികൾ മുന്നോട്ടു വയ്ക്കുമ്പോൾ വൈദ്യുതിവിതരണ രംഗം സ്വകാര്യവത്കരിക്കുന്നതിനെ എതിർക്കുന്ന സംസ്ഥാനങ്ങളെ പാർശ്വവത്കരിക്കാൻ സാധ്യതയുള്ളതായി ഭയപ്പെടുന്നു. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി ഉയർത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങളിലും സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചി-ട്ടുള്ളത്. 2021-22 വർഷത്തെ കടമെടുപ്പ് പരിധി 0.5 ശതമാനം ഉയർത്തുന്നതിന് തന്നെ നിർബന്ധമായി നടപ്പാക്കേണ്ട പത്ത് നിബന്ധനകളും, പുറമേ 50 മാർക്കിനുള്ള കാര്യക്ഷമതാ മാനദണ്ഡങ്ങളുമുണ്ട്. കുറഞ്ഞത് 30 മാർക്ക് നേടിയാൽ മാത്രമേ കടമെടുക്കൽ പരിധി വർദ്ധിപ്പിച്ചു നൽകുകയുള്ളൂ. എന്നാൽ, വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കുകയാണെങ്കിൽ അധിക ബോണസ് മാർക്കുകൾ ലഭിക്കുമെന്നും നിർദ്ദേശത്തിലുണ്ട്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യവൽക്കരണം കൂടാതെ തന്നെ 2021-22-ലും, തുടർവർഷങ്ങളിലും, കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിന് വേണ്ട മാർക്കുകൾ നേടാൻ കേരളം ശ്രമിക്കുന്നുണ്ട്. ഇതിൽ ഏതെങ്കിലും പോരായ്മ വരുന്ന പക്ഷം കടമെടുപ്പ് പരിധി ഉയർത്താൻ സാധിക്കാതെ വന്നാൽ അത് സംസ്ഥാനത്തിന്റെ പൊതുവികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരുത്താനുള്ള സാധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ